2003-2004-ൽ 45 രൂപ പ്രീമിയതുക അടച്ച് 45915 മത്സ്യത്തൊഴിലാളികൾ പദ്ധതിയിൽ അംഗത്വം എടുക്കുകയുണ്ടായി. ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്നാണ് ഇത് നടപ്പിലാക്കുന്നത്. നാളിതുവരെ 5 അപകട മരണ ക്ലെയിമുകൾ ലഭിച്ചിട്ടുണ്ട്.

മത്സ്യഫെഡിൽ ക്രമക്കേട് നടത്തിയവർക്കെതിരെ നടപടി

119 (1011) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിലെ സുസുക്കി, ഔട്ട്ബോർഡ് എൻജിൻ ഇടപാടിലും ഇൻഷ്വറൻസ് പദ്ധതികളിലും മെഡിക്കൽ ക്ലെയിം പദ്ധതികളിലും വ്യാപകമായ സാമ്പത്തിക ക്രമക്കേടുകൾ നടക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് എന്തെങ്കിലും രീതിയിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) കുറ്റക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഫിഷറീസ് സഹകരണസംഘം രജിസ്ട്രാർ സഹകരണ നിയമത്തിലെ 66-ാം വകുപ്പുപ്രകാരം മത്സ്യഫെഡിലെ ഔട്ട് ബോർഡ് എൻജിൻ ഇറക്കുമതിയും ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷണം നടത്തുകയും അതു സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഫിഷറീസ് സഹകരണസംഘം രജിസ്ട്രാർ നൽകിയ അന്വേഷണ റിപ്പോർട്ട് അടിയന്തിരമായി പരിശോധിച്ച് കുറ്റക്കാരെന്ന് കാണുന്നവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

മത്സ്യഫെഡ് സഹകരണ സംഘങ്ങൾ നടത്തുന്ന മണ്ണെണ്ണ തട്ടിപ്പ് ഇല്ലാതാക്കാൻ നടപടി

120 (1012) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിന്റെ കീഴിലുള്ള സഹകരണ സംഘങ്ങളിൽ മണ്ണെണ്ണ പെർമിറ്റുകൾ ഉള്ള എത്ര മത്സ്യത്തൊഴിലാളികളുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യത്തൊഴിലാളികളുടെ പെർമിറ്റുകൾ വാങ്ങി കൂട്ടി മണ്ണെണ്ണ തട്ടിപ്പു നടത്തുന്ന സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് മൽസ്യഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മണ്ണെണ്ണ തട്ടിപ്പ് നടത്താൻ മൽസ്യഫെഡ് മൗനാനുവാദം നൽകിയിരുന്നതിനാൽ സഹകരണ സംഘം ഭാരവാഹികൾ പലരും മണ്ണെണ്ണ ബിസിനസും ഒ. ബി. എം. വിൽപ്പനയും നടത്തുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മൽസ്യഫെഡ് സഹകരണ സംഘങ്ങൾ നടത്തുന്ന മണ്ണെണ്ണ തട്ടിപ്പ് ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മത്സ്യഫെഡിൽ ഉണ്ടായ സാമ്പത്തിക ക്രമക്കേടുകൾ

121 (1013) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) മത്സ്യഫെഡിൽ വൻതോതിലുള്ള സാമ്പത്തിക ക്രമക്കേടുകൾ നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) മത്സ്യഫെഡിൽ നടപ്പാക്കുന്ന ഇൻഷ്വറൻസ് പദ്ധതിയിലും മത്സ്യഫെഡ് ജീവനക്കാരുടെ മെഡിക്ലെയിം പദ്ധതിയിലും നടന്ന ക്രമക്കേടുകളെക്കുറിച്ചുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഇ) എങ്കിൽ എന്തു തുകയുടെ ക്രമക്കേടുകൾ നടന്നതായാണ് കണക്കാക്കിയിട്ടുള്ളത് ; വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) മത്സ്യഫെഡിൽ സുസുക്കി എൻജിൻ ഇറക്കുമതിയിൽ വെട്ടിപ്പ് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ സുസുക്കി എൻജിൻ ഇറക്കുമതിയിൽ നടന്ന ക്രമക്കേടുകളുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly